GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

Editor Farm News – Dr. Amritha V.S

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 10/09/2026

1. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെയും കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടത്തിൽ സംഘടിപ്പിക്കുന്ന 'നിറവ് 2026' ഫാം ഫെസ്റ്റ് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ.എം. ഷാജി ഇന്ന് (10.09.2026) ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രിയദർശിനി വി. അധ്യക്ഷത വഹിക്കും. ഫാം ഫെസ്റ്റിലെ സർക്കാർ, അർധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളുടെയും കർഷക ഗ്രൂപ്പകളുടെയും പ്രദർശന-വിപണന സ്റ്റാളുകളുടെ ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി അഡ്വ. ടി. സിദ്ദിഖ് നിർവഹിക്കും.

2. തെങ്ങിലെ കൂമ്പുചീയൽ നിയന്ത്രണത്തിന് ഉപയോഗിക്കാവുന്ന ട്രൈക്കോ ഡെർമ കൊയർപിത്ത് കേക്കുകൾ (Trichoderma coirpith cake) കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട് . **വില : 5 രൂപ / ഒരു ട്രൈക്കോ കേക്ക്.** ആവശ്യമുള്ള സ്റ്റേഷനുകൾ 8547675124 നമ്പറിൽ ബന്ധപ്പെടുക . പാർസൽ ആയും എത്തിച്ചു തരുന്നതാണ്.

3. സർക്കാർ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ (കെപ്കോ) കീഴിൽ പ്രവർത്തിക്കുന്ന റസ്റ്റോറന്റിലേയ്ക്ക് താൽക്കാലികമായി കരാർ അടിസ്ഥാനത്തിൽ ഒരു ഫുഡ് ആന്റ് ബിവറേജസ് മാനേജരെ നിയമിക്കുന്നു. ഡിപ്ലോമ ഇൻ ഹോട്ടൽ മാനേജ് മെന്റ് അല്ലെങ്കിൽ അല്ലെങ്കിൽ ഹോട്ടൽ ആന്റ് കാറ്ററിംഗ് മാനേജ് മെന്റിലുള്ള ഡിഗ്രി പാസ്സായിരിക്കണം. കൂടാതെ ഈ മേഖലയിൽ 5 വർഷത്തിൽ കുറയാത്ത മുൻപരിചയം ഉണ്ടായിരിക്കണം. 35 നും 50 വയസ്സിനും ഇടയിലുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷകൾ, ബയോഡേറ്റ, സർട്ടിഫിക്കറ്റുകളുടെ പകർപ്പ് എന്നിവ സഹിതം 26/09/2026 ന് വൈകുന്നേരം 4 മണിയ്ക്ക് മുൻപായി മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ് ( കെപ്കോ) ടി.സി 30/697 പേട്ട, തിരുവനന്തപുരം –695024 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471–2468585 എന്ന ഫോൺനമ്പറിൽ ബന്ധപ്പെടുക.

4. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറി പരിശീലന വിഭാഗത്തിൽ സെപ്റ്റംബർ 17, 18 തീയതികളിൽ **"വയോജനങ്ങൾക്ക് മുട്ടക്കോഴി വളർത്തൽ"** എന്ന വിഷയത്തിലും, 24, 25 തീയതികളിൽ **'ഇറച്ചിക്കോഴി വളർത്തൽ'** എന്ന വിഷയത്തിൽ കർഷകർക്കായി രാവിലെ 10 മുതൽ വൈകിട്ട് 5 മണിവരെ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ള കർഷകർ സെൻട്രൽ ഹാച്ചറി പരിശീലന വിഭാഗവുമായി നേരിട്ടോ അല്ലാതെയോ മുൻകൂർ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0479-2452277, 0479 2457778, 7736336528 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

5. കേരള മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രം, സെപ്റ്റംബർ 11 ന് സൗജന്യ ആട് വളർത്തൽ പരിശീലന ക്ലാസിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു . താൽപര്യമുള്ളവർക്ക് നേരിട്ടോ ഓഫീസ് സമയങ്ങളിൽ 04829-234323 എന്ന ഫോൺ നമ്പറിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

6. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വെച്ച് സെപ്റ്റംബർ 10,11 തിയ്യതികളിൽ രാവിലെ 10 മണി മുതൽ **'ആട്ട വളർത്തൽ ആദായകരമാക്കാം'** വിഷയത്തിൽ സൗജന്യ ദ്വിദിന പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 0494-2962296 എന്ന നമ്പറിൽ ബന്ധപ്പെടുക.